LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്ര ബഡ്ജറ്റ് പ്രതികൂലമായി ബാധിച്ചിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

12 [5568] ശ്രീമതി മേഴ്സി രവി:
ശ്രീ. പി. ജെ. ജോയി:
,, ടി. യു. രാധാകൃഷ്ണൻ:
,, കെ. മുഹമ്മദാലി:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളെ ഈ വർഷത്തെ കേന്ദ്ര ബഡ്ജറ്റ് നിർദ്ദേശം പ്രതികൂലമായി ബാധിച്ചിട്ടുണ്ട്;

(ബി) ഈ പൊതുമേഖലാ സ്ഥാപനങ്ങളെ എപ്രകാരമാണ് ഈ വർഷത്തെ ബഡ്ജറ് നിർദ്ദേശം പ്രതികൂലമായി ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ വസ്തുത കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ ഫലമെന്താണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

പൊതുമേഖലയിൽ വ്യവസായം അനുവദിക്കാൻ നടപടി

13 [5569] ശ്രീ. സി. കെ. നാണു:
ഡോക്ടർ എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ:
,, എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും വ്യവസായം പൊതുമേഖലയിൽ അനുവദിക്കുവാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) പ്രധാനമന്ത്രി ജിം-ൽ പങ്കെടുത്തപ്പോൾ പ്രഖ്യാപിച്ച ഏതെങ്കിലും വ്യവസായശാല പൊതുമേഖലയിൽ ആരംഭിക്കുമെന്ന് വ്യക്തമാക്കിയിരുന്നുവോ;

(ഡി) ഇവയിൽ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങൾ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ, ബി) ഉണ്ട്.

(1) കൊച്ചി എൽ. എൻ. ജി. ടെർമിനൽ പ്രോജക്ട് .. 1600 കോടി രൂപ

(2) കൊച്ചി-കായംകുളം, കൊച്ചി-മംഗലാപുരം പ്രകൃതി വാതക പൈപ്പ് ലൈൻ .. 1700 കോടി രൂപ

(3) ധാതുമണൽ സംസ്ക്കരണ ഫാക്ടറി, കൊല്ലം .. 1850 കോടി രൂപ

എന്നിവയ്ക്കുവേണ്ടി കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ജിം-ൽ പങ്കെടുത്തപ്പോൾ പ്രധാനമന്ത്രി പ്രഖ്യാപിച്ച പദ്ധതികളിൽ താഴെപ്പറയുന്ന പദ്ധതി പൊതുമേഖലയിൽ ആരംഭിക്കാനുള്ളതാണ്. നാഷണൽ മിനറൽ ഡെവലപ്പ്മെന്റ് കോർപ്പറേഷനും (NMDC) ഇന്ത്യൻ റെയർ എർത്ത്സുമായി ചേർന്നുള്ള ധാതുമണൽ സംസ്ക്കരണവും.

(ഡി) പ്രധാനമന്ത്രി പ്രഖ്യാപിച്ച പദ്ധതികളെല്ലാംതന്നെ സ്ഥാപിതമാക്കാനുള്ള നടപടികളുമായി മുന്നോട്ടുപോവുകയാണ്. അവയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. †

കേരള സമ്പദ്‌വ്യവസ്ഥയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ വഹിച്ച പങ്ക്

14 [5570] ശ്രീ. ടി. പി. രാമകൃഷ്ണൻ:

„ എ. കെ. ബാലൻ:

„ പിരപ്പൻകോട് മുരളി:

„ മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സമ്പദ്‌വ്യവസ്ഥയിൽ പൊതുമേഖലാ സ്ഥാപനങ്ങൾ വഹിച്ച പങ്കിനെക്കുറിച്ച് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സാമ്പത്തിക നയങ്ങളുടെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങൾ ഇപ്പോൾ പ്രതിസന്ധി നേരിടുന്നുണ്ടോ;

(സി) പ്രസ്തുത സാമ്പത്തിക നയങ്ങൾ തിരുത്തിയാൽ നഷ്ടത്തിൽ ഓടുന്ന മിക്കവാറും പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാകുമെന്ന് കരുതുന്നുണ്ടോ;

† അനുബന്ധം I.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[11-8-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 13(5569) കാണുക.]

പ്രധാനമന്ത്രി ജിമ്മിൽ പ്രഖ്യാപിച്ച പദ്ധതികൾ സംബന്ധിച്ച്

2003 ജനവരി 18-ാംതീയതി കൊച്ചിയിൽ സംഘടിപ്പിച്ച ആഗോള നിക്ഷേപക സമ്മേളനത്തിന്റെ ഉദ്ഘാടനവേളയിൽ ആദരണീയനായ പ്രധാനമന്ത്രി കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളുടെ വിവിധ പദ്ധതികളിലൂടെ ഏതാണ്ട് പതിനായിരം കോടി രൂപയിൽ കൂടുതൽ കേന്ദ്ര നിക്ഷേപം നടത്തുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി.

(1) നാഷണൽ തെർമൽ പവർ കോർപ്പറേഷന്റെ (NTPC) കായംകുളം തെർമൽ പ്ലാന്റിന്റെ ഉല്പാദനശേഷി വികസനം .. 6000 കോടി രൂപ

(2) കൊച്ചി റിഫൈനറിയുടെ വികസനം .. 2600 കോടി രൂപ

(3) നാഷണൽ മിനറൽ ഡവലപ്പ്മെന്റ് കോർപ്പറേഷനും (NMDC) ഇന്ത്യൻ റെയർ എർത്ത്സു (IRE)മായി ചേർന്നുള്ള സംസ്ക്കരണം .. 1850 കോടി രൂപ

ഇവയ്ക്ക് പുറമെ ഏകദേശം 2000 കോടി രൂപയുടെ നിക്ഷേപം വേണ്ടിവരുന്ന വല്ലാർപാടം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതിനുള്ള അന്തിമ അനുമതി നൽകുന്നതായും അദ്ദേഹം പ്രഖ്യാപിച്ചു.

പ്രസ്തുത നിക്ഷേപക സംഗമത്തിൽ വച്ച് കൊച്ചി റിഫൈനറിയുടെ പ്രതിവർഷ ശേഷി 7.5 ദശലക്ഷം ടണ്ണിൽനിന്നും 10.5 ദശലക്ഷം ടണ്ണാക്കി ഉയർത്തുന്നതിനുള്ള ഏകദേശം 2600 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ കെ.എസ്.ഐ.ഡി.സി.-യുമായി ധാരണാ പത്രത്തിൽ ഒപ്പുവയ്ക്കുകയുണ്ടായി.

ഈയവസരത്തിൽ തന്നെ കൊല്ലം ജില്ലയിലെ ധാതുമണൽ ഖനനത്തിനും സംസ്ക്കരണത്തിനുമായി NMDC-യും IRE-യുമായി യോജിച്ചുള്ള പദ്ധതി നടപ്പിലാക്കാൻ കെ.എസ്.ഐ.ഡി.സി. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എൻ.എം.ഡി.സി.-യുമായി ധാരണാപത്രം ഒപ്പിടുകയുണ്ടായി.

പ്രധാനമന്ത്രി പ്രഖ്യാപിച്ച പദ്ധതികളെല്ലാം തന്നെ പ്രാവർത്തികമാക്കുവാൻ വേണ്ടിയുള്ള ശ്രമത്തിലാണ് സംസ്ഥാന സർക്കാരിനോടൊപ്പം കേരള വ്യവസായ വികസന കോർപ്പറേഷനും.

LIBRARY ARCHIVES Kerala Legislative Assembly